(ബി) കേരളത്തിൽ പമ്പാറിവർ ഫാക്ടറിയിൽ കരിമ്പുക്രഷിംഗ് ഏതു മാസത്തിലാണ് തുടങ്ങുന്നത് ;

(സി) സെപ്റ്റംബറിലും ഒക്ടോബറിലും കൊടുക്കുന്ന കരിമ്പിനു ഗവണ്മെന്റ് ഓരോ വർഷവും നിശ്ചയിക്കുന്ന വില കിട്ടുന്നില്ലെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) കരിമ്പുവില നിശ്ചയിക്കുമ്പോൾ കേരളത്തിൽ ക്രഷിംഗ് തുടങ്ങുന്ന സെപ്റ്റംബർമാസം മുതൽ കൊടുക്കുന്ന കരിമ്പിനു ഇൻഡ്യാഗവണ്മെന്റു നിശ്ചയിക്കുന്ന വില കിട്ടത്തക്കവണ്ണം നിശ്ചയിക്കുന്നതിനു ഈ ഗവണ്മെന്റു സെൻട്രൽ ഗവണ്മെന്റിനു വല്ല നിവേദനവും സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) ഇതു സംബന്ധിച്ചു തിരുവല്ലായിലെ കൃഷിക്കാരിൽനിന്നും വല്ല നിവേദനവും ഈ ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ?

ഉത്തരം.

(എ) ഒക്ടോബർ മാസത്തിൽ.
(ബി) സെപ്റ്റംബർ മാസത്തിൽ.
(സി) ഇല്ല.
(ഡി) ഇല്ല.
(ഇ) ഇതു സംബന്ധിച്ചു നിവേദനമൊന്നും ലഭിച്ചിട്ടില്ല.

ദേവസ്വം ഭൂമികൾ.

29. [8] ശ്രീ. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാറിലെ പല ക്ഷേത്രങ്ങൾക്കും ദേവസ്വംഭൂമികളും തരിശായി കുറെയൊക്കെ അവശേഷിച്ചിരിക്കുന്നതിലെങ്കിലും ക്ഷേത്രങ്ങളുടെ ഭാവി നടത്തിപ്പിനെ മുൻനിറുത്തി വാണിജ്യവിള ഉൽപ്പാദിപ്പിക്കുന്നു കൃഷികൾ ചെയ്യുന്ന കാര്യത്തിനു ഒരു സ്കീം തയ്യാറാക്കാൻ ഭയവുണ്ടാകുമോ ;

(ബി) ക്ഷേത്ര ഭാരവാഹികളുമായി ഇതു സംബന്ധിച്ചു ചർച്ചനടത്തി അതിന്റെ അടിസ്ഥാനത്തിൽ ഒരു വിശദ റിപ്പോർട്ടു വരുത്തുന്ന കാര്യം പരിഗണിക്കാമോ ;

(സി) ഭൂമിയുണ്ടെങ്കിലും കൃഷി ചെയ്യാൻ സാധിക്കാത്ത ക്ഷേത്രങ്ങൾക്കു സാമ്പത്തികസൗകര്യം എന്തുവഴിക്കു നൽകാൻ കഴിയും എന്ന കാര്യവും ആലോചിക്കാമോ ;

(ഡി) ക്ഷേത്രങ്ങൾക്കു സ്ഥിരം വരവുണ്ടാകുന്ന ഇത്തരം കാര്യങ്ങളിൽ മുൻകൈ എടുത്തു വേണ്ടതു പ്രവർത്തിക്കാമോ ?

ഉത്തരം.

(എ) ക്ഷേത്രങ്ങളിലെ ട്രസ്റ്റികളുമായി ആലോചിച്ചു വേണ്ട നടപടികൾ എടുക്കാം.
(ബി) പരിഗണിക്കാം.
(സി) ആലോചിക്കാം.
(ഡി) ക്ഷേത്ര ഭാരവാഹികളിൽനിന്നു ഇതു സംബന്ധിച്ചു അപേക്ഷകൾ ലഭിക്കുമ്പോൾ ഈ കാര്യം പരിഗണിക്കുന്നതാണു.

റൈസ് മില്ലുകൾ.

30. [9] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ ; താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1962–63 വർഷത്തിൽ എത്ര റൈസ് മില്ലുകൾക്കു അനുവാദം കൊടുത്തു ;

LIBRARY ARCHIVES Kerala Legislative Assembly